03.03.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 21-11-98

# സേവയോടൊപ്പം ദേഹത്തിൽ ഇരുന്നും വിദേഹീ അവസ്ഥയുടെ അനുഭവം വർദ്ധിപ്പിക്കൂ.

ഇന്ന് ബാബ്ദാദ നാലുഭാഗത്തുമുള്ള കുട്ടികളേ കണ്ട് ഹർഷിതമായിരിക്കുന്നു കാരണം ബാബക്കറിയാം തന്റെ ഓരോരോ കുട്ടിയും ലാസ്റ്റ് പുരുഷാർത്ഥിയാണെങ്കിൽ പോലും വിശ്വത്തിലെ ഏറ്റവും വലിയ ഭാഗ്യവാനാണ് കാരണം ഭാദ്യവിദാതാവായ ബാബയെ മനസിലാക്കി തിരിച്ചറിഞ്ഞു ഭാഗ്യവിദാതാവിന്റെ ഡയറക്റ്റ് കുട്ടിയായി മാറി. ഇങ്ങനെ ഒരു ഭാഗ്യം മുഴുവൻ കൽപ്പത്തിലും ഏതൊരാത്മാവിനും ഇല്ല, ഇനി ഉണ്ടാവുകയുമില്ല. അത് പോലെ തന്നെ മുഴുവൻ വിശ്വത്തിലും ഏറ്റവും കൂടുതൽ സമ്പത്തുള്ളവൻ അഥവാ ധനവാൻ മറ്റാരും ആകുകയുമില്ല. എത്ര വലിയ കോടീശ്വരൻ ആയാലും നിങ്ങൾ കുട്ടികളുടെ ഖജനാവുമായി തുലനം ചെയ്യുക സാധ്യമല്ല കാരണം കുട്ടികളുടെ ഓരോ ചുവടിലും കോടികളുടെ സമ്പാദ്യമാണ്. ഓരോ ദിവസവും ദിവസം മുഴുവൻ ഒന്നോ രണ്ടോ ചുവടെങ്കിലും ബാബയുടെ ഓർമ്മയിൽ ഇരുന്നു അഥവാ ചുവടുയർത്തി , എങ്കിൽ ഓരോ ചുവടിലും കോടി.... എങ്കിൽ ഒരു ദിവസം എത്ര സമ്പാദ്യം ശേഖരിക്കും. ഒരു ദിവസം കോടികൾ സമ്പാദിക്കുന്ന ആരെങ്കിലും ഉണ്ടാകുമോ ! അതിനാൽ ബാബ് ദാദ പറയുന്നു ഭാഗ്യവാനെ കാണണമെങ്കിൽ അല്ലെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ ധനവാനായ ആത്മാവിനെ കാണണമെങ്കിൽ ബാബയുടെ കുട്ടികളെ നോക്കൂ.

നിങ്ങൾ കുട്ടികളുടെ കൈവശം ഒരു സ്ഥൂല ധനത്തിന്റെ ഖജനാവ് മാത്രമല്ല ഉള്ളത്, അവർ കേവലം ധനത്താൽ മാത്രമാണ് സമ്പന്നർ എന്നാൽ നിങ്ങൾ കുട്ടികൾ ഏതെല്ലാം ഖജനാവുകളാൽ സമ്പന്നരാണ്. ഖജനാവുകളുടെ ലിസ്റ്റ് അറിയില്ലേ. ഈ സ്ഥൂല ധനം അത്ര വലിയ കാര്യമൊന്നും അല്ല, എന്നാൽ നിങ്ങളുടെ കൈയ്യിൽ ജ്ഞാന ഖജനാവ്, ശക്തികളുടെ ഖജനാവ്, സർവ ഗുണങ്ങളുടേയും ഖജനാവ്, സന്തോഷത്തിന്റെ ഖജനാവ്, കൂടാതെ സർവ്വർക്കും സുഖ ശാന്തിയുടെ വഴി പറഞ്ഞു കൊടുക്കുന്നതിലൂടെ ആശീർവാദങ്ങളുടെ ഖജനാവും ലഭിക്കുന്നു, ഈ അവിനാശീ ഖജനാവുകൾ പരമാത്മാ കുട്ടികളില്ലല്ലാതെ മറ്റാരിലും അവിനാശിയായി ഇല്ല. എങ്കിൽ ബാബ്ദാദയ്ക്ക് ഇങ്ങനെയുള്ള ഖജനാവുകളുടെ അധികാരീ കുട്ടികളിൽ എത്ര ആത്മീയ അഹങ്കാരമുണ്ടായിരിക്കും. ബാബ്ദാദ കുട്ടികൾ ഇങ്ങനെ സമ്പന്നമായിരിക്കുന്നത് കണ്ട് സദാ ഈ ഗീതം പാടിക്കൊണ്ടിരിക്കുന്നു ആഹാ കുട്ടികളേ ആഹാ! നിങ്ങൾക്കും സ്വയത്തിൽ ഇങ്ങനെയുള്ള ആത്മീയ അഹങ്കാരം അതായത് ലഹരിയില്ലേ! കൈയടിച്ചു കൊള്ളൂ.(എല്ലാവരും കൈയടിച്ചു) രണ്ടു കൈകളേയും എന്തിനാ ബുദ്ധിമുട്ടിക്കുന്നത്, ഒരു കൈ കൊണ്ടടിക്കൂ. ഒരു കൈ കൊണ്ട് കൈയടിക്കാൻ അറിയില്ലേ! ബ്രാമണരുടെ എല്ലാം വേറിട്ട കാര്യമാണ്. ബ്രാമണർ ശാന്തി ഇഷ്ടപ്പെടുന്നു അതിനാൽ കൈയടിയും ശാന്തമാണ് നല്ലത്. ലഹരി എല്ലാവരിലും സദാ ഉണ്ട് ഇനിയങ്ങോട്ടും ഉണ്ടായിരിക്കും. നിശ്ചയിക്കപ്പെട്ടതാണ്.

ബാബ്ദാദ സമയത്തിന്റെ പരിവർത്തനത്തിന്റെ തീവ്രഗതി കണ്ട് കുട്ടികളുടെ പുരുഷാർത്തത്തിന്റെ ഗതിയും നോക്കി കൊണ്ടിരിക്കുന്നു. ബാബ്ദാദ ഓരോരോ കുട്ടിയേയും സദാ ജീവന്മുക്ത സ്ഥിതിയിൽ കാണാൻ ആഗ്രഹിക്കുന്നു. ബാബയുടെ അടുക്കൽ വന്ന് മുക്തി ജീവന്മുക്തിയുടെ സമ്പത്തെടുക്കുക എന്നത് നിങ്ങൾക്കുള്ള മത്സരമാണ്. എന്നാൽ നിങ്ങൾക്ക് മുക്തി അഥവാ ജീവന്മുക്തിയുടെ അവകാശം കിട്ടിയല്ലോ അല്ലേ. അതോ കിട്ടിയില്ലേ. (കിട്ടി). സത്യയുഗത്തിലോ അല്ലെങ്കിൽ മുക്തിധാമിലോ ജീവന്മുക്തിയുടെ അനുഭവം ഉണ്ടാകുന്നില്ല. മുക്തി ജീവന്മുക്തിയുടെ അനുഭവം ഇപ്പോൾ സംഗമയുഗത്തിൽ ചെയ്യണം. ജീവിച്ചിരിക്കെ, സമയം സമീപമെത്തുമ്പോൾ, പരിസ്ഥിതികൾ, സമസ്യകൾ, വായുമണ്ഡലം എല്ലാം ഡബിൾ മലിനമാകുമ്പോൾ ഇവയുടെ പ്രഭാവങ്ങളിൽ നിന്നെല്ലാം മുക്തം, ജീവിച്ചിരിക്കെ ഈ സർവ്വ ഭിന്ന-ഭിന്ന ബന്ധനങ്ങളിൽ നിന്നും മുക്തം ഒരു സൂക്ഷ്മ ബന്ധനം പോലും ഉണ്ടാകരുത്. ഇങ്ങനെയുള്ള ജീവന്മുക്തരായോ. അതോ അന്തിമത്തിൽ ആകുമോ. ഇപ്പോഴാകുമോ അതോ അന്തിമത്തിലോ. അന്തിമത്തിനു പകരം ഇപ്പോഴാകണം, അല്ലെങ്കിൽ ആയി തീർന്നു, അഥവാ ആകുക തന്നെ വേണം എന്ന് മനസിലാക്കുന്നവർ കൈ ഉയർത്തൂ. (എല്ലാവരും കൈ ഉയർത്തി). രണ്ടിനും ഒരുമിച്ച് കൈ ഉയർത്തി , സമർത്ഥരാണ്. സാമർത്ഥ്യം കാണിക്കൂ. എന്നാൽ ബാബ്ദാദ ഇപ്പോൾ സ്പഷ്ടമായി കേൾപ്പിക്കുന്നു, ദയവായി ശ്രദ്ധ്ക്കൂ. ബാബയ്ക്ക് ഓരോരോ ബ്രാഹ്മണ കുട്ടിയേയും ബന്ധനമുക്തവും, ജീവന്മുക്തവും ആക്കുക തന്നെ വേണം. ഏത് വിധിയിലൂടെ ആണെങ്കിലും മാറ്റുക തന്നെ വേണം. വിധികൾ ഏതെല്ലാമാണെന്ന് അറിയാമല്ലോ ! ഇത്രയും സമർത്ഥരല്ലേ! അതിനാൽ നിങ്ങൾക്ക് ആയി തീരുക തന്നെ വേണം. ആഗ്രഹം ഉണ്ടെങ്കിലും ആഗ്രഹിക്കുന്നില്ലെങ്കിലും ആയി തീരുക തന്നെ വേണം. എങ്കിൽ എന്ത് ചെയ്യും. (ഇപ്പോൾ മുതൽ ആകും ). നിങ്ങളുടെ വായിൽ ഗുലാബ്ജാമൂൻ. എല്ലാവരുടെ വായിലും ഗുലാബ്ജാമൂൻ വന്നില്ലേ. ഇപ്പോൾ ബന്ധനമുക്തമാകുന്നതിനുള്ള ഗുലാബ്ജാമൂനാണിത്. ഗുലാബ്ജാമൂൻ കഴിക്കൂ എന്നല്ല. ഹാളിലെ

അലങ്കാരം വളരെ നന്നായിട്ടുണ്ട്. മുഴുവനും മാലകളാണ്. ഇവിടെ ഇരുന്ന് നോക്കുമ്പോൾ മാലകൾ ഇങ്ങനെ കാണുന്നു. ഈ കസേരകളിൽ ഇരിക്കുന്ന മാല തയ്യാറായി എന്ന്. നന്നായിട്ടുണ്ട്. ഏതെങ്കിലും കാരണത്താലോ കാരണമില്ലാതേയോ കസേര ഇപ്പോൾ കസേര എടുത്തു, അത് പോലെ അവസാന സമയം ബാബ് ദാദ ജീവന്മുക്തിയുടെ സീറ്റിലിരിക്കൂ എന്ന് വിസിൽ മുഴക്കും അപ്പോഴിരിക്കുമോ അതോ ഇപ്പോഴേ കസേരയിൽ ഇരുന്നുവോ. അതിനർത്ഥം തറയിലിരിക്കുന്നവർക്ക് കസേര കിട്ടില്ല എന്നല്ല, ആദ്യം താങ്കൾ. തറയിലിരിക്കുക ഇത് തപസ്യയുടെ അടയാളമാണ്. ആരോഗ്യത്തിന്റെ അടയാളമാണ്. ആരോഗ്യവുമുണ്ട്, തപസ്യയിലൂടെ ഖജനാവുകളുടെ സമ്പത്തുമുണ്ട്. എവിടെ ആരോഗ്യവും സമ്പത്തുമുണ്ടോ അവിടെ സന്തോഷവുമുണ്ട്. നല്ലതാണ് – ആരോഗ്യമുള്ളവരുമാണ്, സമ്പന്നരുമാണ്.

കുട്ടികൾക്ക മൂന്ന് പ്രകാരത്തിലുള്ള സ്റ്റേജുകളുണ്ടെന്ന് ഇന്ന് ബാബ് ദാദ കണ്ട് കൊണ്ടിരിക്കുന്നു. ഒന്നാമത്തേത് – പുരുഷാർഥി, അതിൽ പുരുഷാർഥികളുമുണ്ട് തീവ്ര പുരുഷാർഥികളുമുണ്ട്. രണ്ടാമത്തേത് – പുരുഷാർഥത്തിന്റെ പ്രാലബ്ധം ജീവന്മുക്ത അവസ്ഥയുടെ സ്റ്റേജ് അനുഭവം ചെയ്യുന്നവർ. അവസാനത്തേത് സമ്പൂർണ സ്റ്റേജ് – ദേഹത്തിൽ ഇരുന്നും വിദേഹീ അവസ്ഥയുടെ അനുഭവം. മൂന്ന് സ്റ്റേജും കണ്ടു. പുരുഷാർഥത്തിന്റെ സ്റ്റേജാണ് കൂടുതൽ കണ്ടത്. ജീവന്മുക്തമാകുന്നതാണ് പ്രാലബ്ധം, സെന്ററിൽ നിമിത്തമാകുന്നതോ, നല്ല സ്പീക്കർ ആകുന്നതോ, ഡ്രാമയനുസരിച്ച് വ്യത്യസ്തമായ വിശേഷമായ സേവനത്തിന് നിമിത്തമാകുന്നതോ അല്ല പ്രാലബ്ധം, അത് പ്രാലബ്ധമല്ല, കൂടുതൽ മുന്നോട്ട് പോകുന്നതിന്, സർവ്വരിൽ നിന്നും ആശീർവ്വാദങ്ങൾ എടുക്കുന്നതിനുള്ള ലിഫ്റ്റാണ്, ജീവന്മുക്തമാകുന്നതാണ് പ്രാലബ്ധം. യാതൊരു ബന്ധനവും ഉണ്ടാകില്ല. നിങ്ങൾ ഒരു ചിത്രം കാണിക്കാറില്ലേ! സാധാരണക്കാരായ അജ്ഞാനീ ആത്മാക്കളെ എത്ര കയറുകൾ കൊണ്ട് ബന്ധിച്ചതായാണ് കാണിക്കുന്നത്. അത് അജ്ഞാനീ ആത്മാക്കൾക്കുള്ള ലോഹത്തിന്റെ ചങ്ങലയാണ്. വലിയ വലിയ ബന്ധനമാണ്. എന്നാൽ ജ്ഞാനീ ആത്മാക്കളായ കുട്ടികളുടേത് വളരെ മഹനീയവും ആകർഷിക്കുകയും ചെയ്യുന്ന നൂലാണ്. ലോഹത്തിന്റെ ചങ്ങല ഇപ്പോഴില്ല. വളരെ മഹനീയവും രാജകീയവുമായതാണ്. വ്യക്തിത്വം അനുഭവം ചെയ്യുന്നതാണ്, എന്നാൽ ആ നൂൽ കാണാൻ സാധിക്കില്ല. തന്റെ നന്മ പ്രകടിപ്പിക്കുന്നതാണ്. നന്മ ഇല്ലാ എങ്കിൽ പോലും നമ്മൾ വളരെ നല്ലവരാണെന്ന് തോന്നിപ്പിക്കും. നമ്മൾ വളരെ മുന്നോട്ട് പോയി കൊണ്ടിരിക്കുന്നു. എങ്കിൽ ബാബ് ദാദ കാണുന്നത് – ഈ ജീവൻ ബന്ധനത്തിന്റെ നൂല് ഭൂരിഭാഗം പേരിലുമുണ്. ഒന്ന് ആയിരിക്കാം, പകുതിയായിരിക്കാം എന്നാൽ ജീവന്മുക്തരായവർ വളരെ വളരെ കുറവാണ്. ബാബ് ദാദ കാണുന്നുണ്ടായിരുന്നു കണക്കനുസരിച്ച് രണ്ടാമത്തെ സ്റ്റേജാണ് ജീവന്മുക്തി, ലാസ്റ്റ് സ്റ്റേജ് – ദേഹത്തിൽ നിന്ന് വേറിട്ട വിദേഹീ അവസ്ഥ. ആ സ്റ്റേജിനും ഇപ്പോൾ കേൾപ്പിച്ച സ്റ്റേജിനും വേണ്ടി വളരെ വളരെ ശ്രദ്ധിക്കണം. എല്ലാ കുട്ടികളും ചോദിക്കുന്നു 99 വന്നാൽ എന്ത് സംഭവിക്കും, എന്ത് ചെയ്യും എന്ത് ചെയ്യും, എന്ത് ചെയ്യാതിരിക്കും.

ബാബ് ദാദ പറയുന്നു 99ന്റെ ചക്രത്തെ വിടൂ. ഇപ്പോൾ വിദേഹീ സ്ഥിതിയുടെ അനുഭവമാണ് വേണ്ടത്. ഏത് പരിസ്ഥിതി വന്ന് കൊണ്ടിരിക്കുന്നുവോ എത് വരാനിരിക്കുന്നുവോ അവയിലെല്ലാം വിദേഹീ സിഥിതിയുടെ അഭ്യാസം വളരെ അധികം ആവശ്യമാണ് അതിനാൽ ബാക്കി എല്ലാ കാര്യങ്ങളും ഉപേക്ഷിക്കൂ ഇങ്ങനെ ഉണ്ടാകില്ല ഇങ്ങനെ ഉണ്ടാകില്ല. എന്ത് സംഭവിക്കും എന്ന ചോദ്യം ഉപേക്ഷിക്കൂ. വിദേഹീ അഭ്യാസം ചെയ്യുന്ന കുട്ടികളിൽ ഏതൊരു പരിസ്ഥിതിക്കും ഏതൊരു പ്രശ്നങ്ങൾക്കും പ്രഭാവം ചെലുത്താൻ സാധിക്കില്ല. പ്രകൃതിയുടെ അഞ്ച് തത്വങ്ങളും വളരെ നന്നായി ഇളക്കാൻ പരിശ്രമിച്ച് നോക്കും എന്നാൽ വിദേഹീ സ്ഥിതിയുടെ അഭ്യാസികളായ ആത്മാക്കൾ അചഞ്ചലരായി ബഹുമതികളോടെ പാസാകുന്നവരായിരിക്കും.  എല്ലാ കാര്യങ്ങളിലും പാസാകുക മാത്രമല്ല ബ്രഹ്മാബാബയ്ക്ക് സമാനം പാസ്വിത്ത് ഓണർ ആകുന്നതിന്റെ ഉദാഹരണമായി മാറും. ബാബ് ദാദ സമയമനുസരിച്ച് സൂചന നൽകുന്നു ഇനിയും തന്ന് കൊണ്ടിരിക്കുകയും ചെയ്യും. നിങ്ങൾ ചിന്തിക്കുകയും പ്ലാനുകൾ ഉണ്ടാക്കുകയും ചെയ്യുന്നു, ഉണ്ടാക്കൂ. ചിന്തിക്കൂ , എന്നാൽ എന്ത് സംഭവിക്കും... ഇങ്ങനെ ആശ്ചര്യപ്പെട്ടു കൊണ്ട് വേണ്ട. വിദേഹിയായും, സാക്ഷീ സിഥിതിയിലിരുന്നും ചിന്തിക്കൂ എന്നാൽ ചിന്തിച്ചു, പ്ലാനുകൾ ഉണ്ടാക്കി, സെക്കന്റിൽ പ്ലയിൻ സ്ഥിതിയുണ്ടാക്കി പോകൂ. ഇപ്പോൾ സ്ഥിതിയുടെ ആവശ്യകതയാണുള്ളത്. ഈ വിദേഹീ സ്ഥിതി വളരെ സഹജമായി പരിസ്ഥിതികളെ മറികടക്കാൻ സഹായിക്കും. മേഘം വരികയും പോകുകയും ചെയ്യുന്നത് പോലെ. വിദേഹി അചഞ്ചലരായി കളി കാണുന്നു. ഇപ്പോൾ ലാസ്റ്റ് സമയത്തേക്കുറിച്ച് ചിന്തിക്കുന്നു എന്നാൽ ലാസ്റ്റ് സ്ഥിതിയേക്കുറിച്ച് ചിന്തിക്കൂ.

ബാബ്ദാദ നാലു ഭാഗത്തുമുള്ള സേവനവാർത്തകൾ കേട്ടു കൊണ്ടിരിക്കുന്നു എല്ലാ അക്ഷീണ സേവാധാരികൾക്കും ഹൃദയത്തിൽ നിന്നും ആശംസകളും നല്കുന്നു, വളരെ ഉണർവ്വിലും ഉത്സാഹത്തിലും സേവനം ചെയ്തു കൊണ്ടിരിക്കുന്നു,മുന്നോട്ട് പോകുമ്പോഴും ചെയ്ത് കൊണ്ടിരിക്കൂ  എന്നാൽ സേവ

നത്തിന്റെയും സ്ഥിതിയുടേയും  ബാലൻസ് ഇടയ്ക്ക് അൽപ്പം ഇങ്ങോട്ട് ചായുന്നു, ഇടയ്ക്ക് അങ്ങോട്ട് ചായുന്നു, സേവനം നന്നായി ചെയ്യൂ ബാബ് ദാദ തടയുന്നില്ല, കൂടുതൽ കൂടുതൽ ചെയ്യൂ എന്നാൽ സദാ സേവനത്തിന്റെയും സ്ഥിതിയുടേയും ബാലൻസ് വെച്ചു ചെയ്തു കൊണ്ടിരിക്കൂ. സ്ഥിതി ഉണ്ടാക്കുന്നതിൽ അൽപ്പം പരിശ്രമിക്കുന്നുണ്ട് സേവനം വളരെ സഹജമായി ചെയ്യുന്നു അതിനാൽ സേവനത്തിന്റെ ബലം സ്ഥിതിയുടേതിനേക്കാൾ ഉയർന്നു നിൽക്കുന്നു. ബാലൻസ് വെയ്ക്കൂ ബാബ് ദാദയുടേയും, സേവനം ചെയ്യുന്ന സർവ്വ ആത്മാക്കളുടേയും, സംബന്ധസമ്പർക്കത്തിൽ വരുന്ന ബ്രാഹ്മണ പരിവാരത്തിന്റെയും ആശീർവാദം നേടികൊണ്ടിരിക്കൂ. ഈ ആശീർവാദങ്ങളുടെ സമ്പാദ്യം വളരെ ശേഖരിക്കൂ. ഇപ്പോഴുള്ള ആശീർവാദങ്ങളുടെ സമ്പാദ്യം കാരണം ദ്വാപരം മുതൽ നിങ്ങളുടെ ചിത്രങ്ങളിലൂടെ എല്ലാവർക്കും ആശീർവാദങ്ങൾ ലഭിച്ചു കൊണ്ടിരിക്കും. അനേക ജന്മങ്ങളിൽ ആശീർവാദങ്ങൾ നൽകണം എന്നാൽ സമ്പാദിക്കൽ ഈ ഒരു ജൻമം മാത്രമാണ് അതിനാൽ എന്ത് ചെയ്യണം. സ്ഥിതി സദാ മുന്നിൽ വെച്ച് സേവനത്തിൽ മുന്നേറി കൊണ്ടിരിക്കൂ. എന്ത് സംഭവിക്കും എന്ന് ചിന്തിക്കരുത്. ബ്രാഹ്മണ ആത്മാക്കൾക്ക് നല്ലതായിരിക്കും നല്ലത് തന്നെ ഉണ്ടാകണം. എന്നാൽ ബാലൻസ് വെയ്ക്കുന്നവർക്ക് സദാ നല്ലതേ ഉണ്ടാകൂ. ബാലൻസ് കുറവാണെങ്കിൽ ഇടയ്ക്ക് നല്ലത് ഇടയ്ക്ക് അൽപ്പം കുറവ്. എന്ത് ചെയ്യണമെന്ന് കേട്ടില്ലേ. ചോദ്യചിഹ്നത്തോടെ ചിന്തിക്കുന്നതിൽ നിന്ന് ആശ്ചര്യത്തോടെ ചിന്തിക്കുന്നതും അവസാനിപ്പിക്കൂ, ഇങ്ങനെ സംഭവിക്കില്ല,  ഇങ്ങനെ സംഭവിക്കില്ല... ഇത് സ്ഥിതി മുകളിലേക്കും താഴേക്കും കൊണ്ട് പോകും. മനസിലായോ.

ശരി – വിദേശീ ഗ്രൂപ്പുക്കാർ എഴുന്നേൽക്കൂ. വിദേശത്തെ ഒരു വിശേഷത ബാബ്ദാദയ്ക്ക് വളരെ ഇഷ്ടപ്പെട്ടു. ഏതാണ്. വിദേശത്ത് കോണു കോണുകളിൽ ബാബയ്ക്ക് സ്ഥാനമുണ്ടാക്കുണമെന്നതിൽ എല്ലാവർക്കും വളരെ ഉണർവ്വും ഉത്സാഹവുമുണ്ട്, ഉണ്ടാക്കിയിട്ടുമുണ്ട്. ഈ വർഷം എത്ര സ്ഥാനമുണ്ടാക്കി. (12–15). നാലു ഭാഗത്തും സന്ദേശം ലഭിക്കണം എന്ന ഉണർവ്വുണ്ട്. ഈ ലക്ഷ്യം വളരെ നല്ലതാണ്. എവിടെ പോകുമ്പോഴുംഅവിടെയെല്ലാം ആരെയെങ്കിലും നിമിത്തമാക്കുന്ന സേവനം ചെയ്യുന്നതിന്റെ ലക്ഷ്യം നല്ലതാണ്. ഇത് വിശേഷതയാണ്. ഓരോരുത്തരും എത്രത്തോളം കഴിയുന്നുവോ അത്രയും സ്വയത്തെ സേവനത്തിന് നിമിത്തമാക്കുന്നതിനുള്ള ഓഫർ ചെയ്യുന്നു പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ഓരോരോ വീടും ബാബയുടെ വീടാണെന്ന് ചിന്തിക്കുന്നു, ഈ ഉണർവ്വും ഉത്സാഹവും വളരെ നല്ലതാണ് ്അതിനാൽ ബാബ് ദാദ ഈ ഉണർവ്വിനും ഉത്സാഹത്തിനും ഇനിയും കൂടുതൽ അഡ്വാൻസായി മുന്നോട്ട് പോകുന്നതിന് ആശീർവാദം നൽകുന്നു. ബാബ് ദാദ വിദേശീ അതായത് വിശ്വമംഗളത്തിന് നിമിത്തമായ കുട്ടികളോട് ഇങ്ങനെ പറയുന്നു ഇപ്പോൾ വിദേശീ കുട്ടികൾ സേവനത്തിലും വിദേഹീ അവസ്ഥയിലും നമ്പർ വൺ ആകുക തന്നെ വേണം. ആയി തീരേണ്ടേ. എപ്പേൾ. 99 ലോ അതോ 2000ത്തിലോ. എപ്പോൾ എന്നല്ല. ഇപ്പോൾ. അവ്യക്ത ബാബയുടെ പാലനയുടെ പ്രത്യക്ഷ ഉദാഹരണമായി കാണപ്പെടണം. ഏത് പോലെ ബ്രഹ്മാബാബ അവ്യക്തമായി വിദേഹീ സ്ഥിതിയിലൂടെ കർമ്മാതീതമായത്, എങ്കിൽ അവ്യക്ത ബ്രഹ്മാവിന്റെ പാലനയ്ക്ക് പാത്രമായവരാണ് നിങ്ങൾ അതിനാൽ അവ്യക്ത പാലന ലഭിച്ചതിന് പകരം ബാബയ്ക്ക് വിദേഹിയായി കാണിക്കണം. സേവനത്തിന്റെയും സ്ഥിതിയുടേയും ബാലൻസിലൂടെ. ശരി, അംഗീകരിച്ചില്ലേ. ചെയ്യുക തന്നെ വേണം. ബാബ് ദാദ ഇങ്ങനെ ചിന്തിക്കുന്നില്ല – നോക്കാം, ആലോചിക്കാം. അല്ല. ചെയ്യുക തന്നെ വേണം. നിങ്ങളുടെ ഭാഷയിൽ പറയൂ – ചെയ്യുക തന്നെ വേണം. ആരെല്ലാം ടീവിയുലൂടെ കണ്ട് കൊണ്ടിരിക്കുന്നുണ്ടോ അവരും ഇങ്ങനെ പറയുന്നില്ലേ. ബാബ് ദാദ കാണുന്നുണ്ട്. ഭാരതത്തിലിരുന്ന് കാണുന്നവരായാലും വിദേശത്തിരുന്നായാലും ഞങ്ങൾ ചെയ്യും , ഞങ്ങൾ ചെയ്യും എന്ന് എല്ലാവർക്കും ഉണർവ്വുണ്ട്. ഞങ്ങൾക്ക് ചെയ്യുക തന്നെ വേണം. മുൻക്കൂട്ടി ആശീർവാദം നൽകുന്നു. ശരി.
(വിദേശത്തു നിന്നും  ധാരാളം സഹോദരീ സഹോദരന്മാർ ആദ്യമായി വന്നിട്ടുണ്ട്, റിട്രിറ്റിനു വന്നവർ ഗസ്റ്റായും  ഇരിക്കുന്നുണ്ട്.)
വളരെ നല്ലത് – നമ്പർ വൺ ആകേണ്ടവരാണ്. വളരെ നല്ലത്, അഥിതിയായി വന്നു, ബാബയുടെ അധികാരീ കുട്ടികളായി. അധികാരികളായില്ലേ. അധികാരിയല്ലേ. വളരെ നല്ലത്, ഇനിയും മുന്നോട്ട് പോയി കൊണ്ടിരിക്കൂ.
ഹോസ്പിറ്റലിന്റെ ട്രസ്റ്റികളോട് – എല്ലാവരും ഡബിൾ ട്രസ്റ്റികളാണ്. ഒന്ന് പ്രവർത്തിയിലിരുന്നും ട്രസ്റ്റി, രണ്ടാമത് ഹോസ്പീറ്റലിലിരുന്നും ട്രസ്റ്റി. ഹോസ്പിറ്റലിൽ ട്രസ്റ്റിയാണെങ്കിൽ ജീവിതത്തിലും ട്രസ്റ്റി. നല്ലത്. ഹോസ്പിറ്റൽ ആത്മാക്കളുടെ സേവനവും ചെയ്യുന്നു ശരീരത്തിന്റെ സേവനവും ചെയ്യുന്നു. അതിനാൽ ഡബിൾ സേവനം ചെയ്യുന്നത് കാരണം ആരാണോ നിമിത്തമായ ആത്മാക്കൾ അവർക്ക് ഡബിൾ ആശീർവാദവും ലഭിച്ചു കൊണ്ടിരിക്കുന്നു. വളരെ നല്ല പ്ലാനുകൾ ഉണ്ടാക്കിയല്ലോ. സേവനത്തിനുള്ള അവസരം എടുക്കുന്നത് തന്നെയാണ് ചാൻസിലർ ആവൽ. ആ ചാൻസിലറല്ല, ആത്മീയ യൂണിവെഴ്സിറ്റിയിലെ ചാൻസിലർ. ശരി.

(ആസ്ട്രേലിയക്കാർ ഒളിംമ്പിക്ക്സ് ഗയിം നടക്കുന്ന സമയത്ത് വലിയ പ്രോഗ്രാം നടത്താൻ പ്ലാനുകൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു, പ്ലാൻ ബാബ് ദാദയെ കാണിക്കുന്നു) എവിടെയാണോ എല്ലാവർക്കും ഉണർവ്വും ഉത്സാഹവും ഒരേ അഭിപ്രായവും ഉള്ളത്. എവിടെ ഉണർവ്വും ഉത്സാഹവും ഒരേ അഭിപ്രായവും ഉള്ളത് അവിടെ സഫലത ഉണ്ടാകുക തന്നെ ചെയ്യും. നല്ലതാണ് നന്നായി ചെയ്യൂ. വിദേശത്ത് പേര് പ്രസിദ്ധമാക്കൂ. വളരെ നല്ലത്.

ബാക്കി എല്ലാവരും ഭാരതത്തിൽ നിന്നും വന്നവരാണ്, ഭാരതത്തിലുള്ളവർക്ക് വിശേഷ ലഹരിയാണ് കാരണം ബാബ് ദാദയുടെ അവതരണം ഭാരതത്തിലാണ് അതോടൊപ്പം മിലനം ആഘോഷിക്കാൻ വരുന്നതും ഭാരതത്തിലാണ്. അപ്പോൾ ഡബിൾ ലഹരിയില്ലേ. ഭാരതം തന്നെയാണ് വിദേശത്ത് സന്ദേശം എത്തിച്ചതും, ഭാരതം വിദേശത്തും തന്റെ പരിവാരത്തെ കണ്ടെത്തി ഒരു പരിവാരമാക്കി അതിനാൽ പിതിയവരും പഴയവരുമായി ആരെല്ലാം വന്നിട്ടുണ്ടോ അവരെല്ലാം വളരെ സ്നേഹത്തോടെയാണ് വന്നിരിക്കുന്നത്, ബാബ് ദാദ എല്ലാ കുട്ടികളുടേയും സ്നേഹവും നാലുഭാഗത്തുമുള്ള സേവനത്തിലുള്ള സഹയോഗവും കണ്ട് സന്തോഷിക്കുന്നു, കുട്ടികളും സദാ സന്തുഷ്ടരാണ്. സന്തുഷ്ടരായിരിക്കുന്നില്ലേ. ഒരിക്കലും സന്തോഷം കുറയ്ക്കരുത്. ഇത് ബാബയുടെ സ്പെഷൽ ഖജനാവാണ്, അതിനാൽ ഒരിക്കലും സന്തോഷം കളയരുത്. സദാ സന്തോഷം. ശരി.

നാലുഭാഗത്തുമുള്ള സർവ്വശ്രേഷ്ഠ ഭാഗ്യവാൻ, സർവ്വ ശ്രേഷ്ഠ ഖജനാവുകളുടേയും അധികാരി, സദാ സേവനത്തിന്റെയും സ്ഥിതിയുടേയും ബാലൻസ് വെയ്ക്കുന്ന ജ്ഞാനീ ആത്മാക്കൾ, സർവ്വശക്തി സമ്പന്ന ആത്മാക്കൾ, സദാ ബന്ധനമുക്തരും ജീവന്മുക്തരുമായ ആത്മാക്കൾക്ക് ബാബ് ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം – പരമാത്മാക്കാര്യങ്ങളിൽ സഹയോഗിയായി എല്ലാവരുടേയും സഹയോഗം പ്രാപ്തമാക്കുന്ന സഫലതാസ്വരൂപരായി ഭവിക്കട്ടെ.

എവിടെ എല്ലാവർക്കും ഉണർവ്വും ഉത്സാഹവുമുണ്ടോ അവിടെ സഫലത സ്വയം സമീപം വന്ന് കഴുത്തിലെ മാലയായി മാറുന്നു. ഏതൊരു വിശാലമായ കാര്യങ്ങളിലും ഓരോരുത്തരുടേയും സഹയോഗത്തിന്റെ വിരലുകൾ ആവശ്യമുണ്ട്. സേവനത്തിന്റ അവസരം എല്ലാവർക്കുമുണ്ട്, എനിക്ക് ചെയ്യാൻ സാധിക്കില്ല, സമയമില്ല എന്നിങ്ങനെ ആർക്കും ഒഴിവുകഴിവു പറയാൻ സാധിക്കില്ല. നിന്നോ – ഇരുന്നോ 10 – 10 മിനിറ്റെങ്കിലും സേവനം ചെയ്യൂ. ആരോഗ്യം ശരിയല്ലെങ്കിൽ വീട്ടിൽ ഇരുന്ന് ചെയ്യൂ. മനസ് കൊണ്ട്, സുഖചിന്തകൾ കൊണ്ട്, സുഖമയ സ്ഥിതിയാൽ സുഖമയമായ ലോകം ഉണ്ടാക്കൂ. പരമാത്മാക്കാര്യങ്ങളിൽ സഹയോഗിയാവുകയാണെങ്കിൽ സർവരുടേയും സഹയോഗം ലഭിക്കും.

## സ്ലോഗൻ – പ്രകൃതീപതിയുടെ സീറ്റിൽ സെറ്റായി ഇരുന്നാൽ പരിസ്ഥിതികളിൽ അപ്സെറ്റാവില്ല.